LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി ക്ഷേമവും ക്ഷേമനിധിയും .

92 (1466) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതികളുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതികൾക്കുമുള്ള അപേക്ഷകളുടെ മാതൃക ലഭ്യമാക്കാമോ;

(ബി) പ്രവാസികൾക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വിവിധ പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃകകൾ www.norkaroots.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് മടങ്ങിയവർ, കേരളത്തിന് പുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശദായമായി പ്രതിമാസം അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം 18 നും 60 നും മദ്ധ്യേ ആണ്. പ്രതിമാസ പെൻഷൻ കൂടാതെ ഈ പദ്ധതിയിൻകീഴിൽ കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു.

പ്രവാസി ക്ഷേമനിധി ബോർഡ്

93 (1467) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ; ഇത് ആകെ പ്രവാസി മലയാളികളുടെ എത്ര ശതമാനമാണ്, വ്യക്തമാക്കുമോ;

(സി) പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അഞ്ച് വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്രവാസി ക്ഷേമനിധിയിൽ നിലവിൽ 1,37,152 അംഗങ്ങൾ ഉണ്ട്. കേരളത്തിനു പുറത്തും വിദേശത്തുമായി പ്രവാസികൾ ഉള്ളതിനാൽ ഇതിന്റെ ശതമാനം നിശ്ചയിക്കുക ബുദ്ധിമുട്ടാണ്.

(സി) ഉണ്ട്. 2014 സെപ്റ്റംബർ മുതൽ പെൻഷൻ നൽകിവരുന്നു. നാളിതുവരെ 1509 പേർക്ക് പ്രവാസി ക്ഷേമനിധി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. അർഹരായ മുഴുവൻ പേർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പ്രവാസി പുനരധിവാസ പാക്കേജ്

94 (1468) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിവിധ ബഡ്ജറ്റുകളിലായും അല്ലാതെയും പ്രഖ്യാപിച്ച പ്രവാസി പുനരധിവാസ പാക്കേജുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിനായി ആകെ എന്ത് തുക അനുവദിക്കപ്പെട്ടു;

(സി) അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടു;

(ഡി) പ്രസ്തുത പാക്കേജ് നടത്തിപ്പിന്റെ വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly